# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ. 34/2025 തിരുവനന്തപുരം, തീയതി: 13/02/2025

## പത്രക്കുറിപ്പ്

### മികച്ച ലൈബ്രേറിയനുള്ള ഡോ.ജി.ദേവരാജൻ അവാർഡിന് അപേക്ഷകൾ/ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു

കേരളസർവകലാശാലയിലെ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് ഡിപ്പാർട്ട്മെന്റിലെ അലുംനൈ അസോസിയേഷൻ (AADLIS) പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന് മികച്ച ലൈബ്രേറിയനുള്ള 2022, 2023, 2024 വർഷത്തെ ജി. ദേവരാജൻ എൻഡോവ്മെന്റ് അവാർഡിന് അപേക്ഷകൾ/ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു.

അപേക്ഷകർക്ക് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. ഉയർന്ന യോഗ്യതകൾ, പ്രസിദ്ധീകരണങ്ങൾ (പുസ്തകങ്ങൾ/ ജേണൽ ലേഖനങ്ങൾ മുതലായവ), പങ്കെടുത്ത/ പേപ്പർ അവതരിപ്പിച്ച/ അധ്യക്ഷത വഹിച്ച/ സംഘടിപ്പിച്ച സെമിനാറുകൾ, മറ്റു തുടർ വിദ്യാഭ്യാസ പരിപാടികൾ, ലൈബ്രറി പ്രൊഫഷണൽ എന്ന നിലയിൽ നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ, മേഖലയിൽ സംഘടിപ്പിച്ച വിജ്ഞാന വ്യാപന പരിപാടികൾ, കോർപ്പറേറ്റ് ജീവിതം/ സമൂഹത്തിലേക്കുള്ള സംഭാവനകൾ എന്നിവയുടെ വിശദാംശങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. അപേക്ഷകൾ "ഹെഡ്, ഡിപ്പാർട്മെൻറ് ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്, കേരളസർവകലാശാല, ഒന്നാം നില സർവകലാശാല ലൈബ്രറി, പാളയം (പി.ഒ), തിരുവനന്തപുരം 695034" എന്ന വിലാസത്തിൽ 2025 ഫെബ്രുവരി 28 ന് മുമ്പ് ലഭിക്കേണ്ടതാണ്. വിശദാംശങ്ങൾക്കായി Ph: 9496812295.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**